## കേരള സർക്കാർ

നമ്പർ. 60328/ആർ.ഡി.2/12/ത.സ്വ.ഭ.വ.

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്
തിരുവനന്തപുരം, തീയതി: 26.04.2013

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - പെർമിറ്റ് കാലഹരണപ്പെട്ട ശേഷം ക്രമവത്കരിക്കുന്നത് - സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നു.

സൂചന:-
1. തൃപ്പൂണിത്തുറ മുനിസിപ്പൽ സെക്രട്ടറിയുടെ 09-10-2012-ലെ PW2/BA/893/05-06 നമ്പർ കത്ത്.
2. 16-10-2012-ലെ 73925/ആർഡി2/11/തസ്വഭവ നമ്പർ സർക്കുലർ.
3. മുഖ്യനഗരാസൂത്രകന്റെ 15-03-2013-ലെ സി1-4623/12 കെ.ഡിസ് നമ്പർ കത്ത്.

കെട്ടിട നിർമ്മാണത്തിനുള്ള പെർമിറ്റ് പുതുക്കുകയോ അല്ലെങ്കിൽ കാലാവധി ദീർഘിപ്പിച്ചു നൽകുകയോ ചെയ്യുമ്പോൾ ഉയർന്ന തറവിസ്തീർണ്ണാനുപാതത്തിന് (FAR) അധിക തുക നൽകേണ്ടതില്ലെന്ന് സൂചന (2) സർക്കുലർ പ്രകാരം സ്പഷ്ടീകരണം നൽകിയിരുന്നു. എന്നാൽ പെർമിറ്റ് കാലഹരണപ്പെട്ട ശേഷം ക്രമവത്കരിക്കുന്നതിന് ഫീസ് ഈടാക്കുന്ന കാര്യത്തിൽ സ്പഷ്ടീകരണം നൽകണമെന്ന് പല നഗരസഭകളും ആവശ്യപ്പെട്ടിരുന്നു.

പെർമിറ്റ് കാലഹരണപ്പെട്ട ശേഷം കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ, ചട്ടം 143 പ്രകാരമുള്ള അനധികൃത നിർമ്മാണം ക്രമവത്കരിക്കുന്നതിന് സൂചനയിലെ സർക്കുലറിലെ നിർദ്ദേശങ്ങൾ ബാധകമല്ല എന്നും അത്തരം ക്രമവത്കരണം പരിഗണിക്കുമ്പോൾ Additional FAR fee ഈടാക്കേണ്ടതാണെന്നും ഇതിനാൽ വ്യക്തമാക്കുന്നു

**വി. എസ്. സെന്തിൽ**
(പ്രിൻസിപ്പൽ സെക്രട്ടറി)

1. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
2. മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം.
3. എല്ലാ കോർപ്പറേഷൻ മേയർമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന).
4. എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർ മേഷൻ കേരള മിഷൻ, പ്രതീക്ഷ ടവേഴ്സ്, പാങ്ങപ്പാറ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റേയും മറ്റ് സർക്കാർ വെബ് സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ